സംരേണിയുടേയും പണി നടത്താനുണ്ട്. 1981-ലെ എസ്റ്റിമേറനു സരിച്ചാണ് പണി ആരംഭിച്ചത്. പണി പൂർത്തിയാക്കാനുള്ള റിവൈസ്ഡ് എസ്റ്റിമേറ് കേരള വാട്ടർ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. അതിന് അംഗീകാരം നൽകി 7 വർഷമായി തുടങ്ങിയ പദ്ധതി പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള അടിയന്തിര നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ? അങ്ങ് ഇക്കാര്യത്തിൽ താൽപ്പര്യപൂർവ്വം ഒരു ഉന്നതതല യോഗം വിളിച്ചിരുന്നു. അതിനുശേഷം ഒരു പുരോഗതിയുമുണ്ടായിട്ടില്ല. ഒന്നുകൂടി ഒരു ഉന്നതതല യോഗം വിളിച്ചു ചേർത്ത് പണി പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 1992-93 വർഷത്തിലാണ് ഈ പദ്ധതിക്ക് അനുമതി കൊടുത്തത്. അങ്ങ് പറഞ്ഞതുപോലെ പണി ആരംഭിച്ചത് 1998-ലാണ്. 85% പണി നടന്നിട്ടുണ്ട്. അങ്ങ് കൂടി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഒരു ഉന്നതതല യോഗം വിളിച്ചത്. ആ യോഗം വിളിച്ചതിനു ശേഷം അന്നുണ്ടായിരുന്ന പ്രധാനപ്പെട്ട ആവശ്യം റാ വാട്ടർ പമ്പിംഗ് മെയിനിനുള്ള 4610 മീറർ ഇടാനുള്ള പ്രവൃത്തി റീടെണ്ടർ ചെയ്യണം എന്നുള്ളതായിരുന്നു. അത് റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്, അതുകൊണ്ട് ആ യോഗം കൂടിയതുകൊണ്ട് ഒരു സ്റ്റെപ്പ് മുമ്പോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ ഈ പദ്ധതി പൂർത്തിയാക്കണമെങ്കിൽ 8 കോടി രൂപ കണ്ടെത്തണം. ഇപ്പോഴും കേരളാ വാട്ടർ അതോറിറ്റി സാമ്പത്തിക ബുദ്ധിമുട്ടിന്റെ മദ്ധ്യത്തിൽ നിൽക്കുകയാണ്. ഉന്നതതല യോഗം വിളിച്ചുകൂട്ടിയപ്പോഴും ഉണ്ടായ തീരുമാനത്തിന്റെ മുകളിൽ എടുത്ത നടപടി ഒരു സ്റ്റെപ് മുമ്പോട്ട് പോയതുപോലെ, ബാക്കി നടപടികളും കൃത്യമായി നടത്തുന്നതിന് വേണ്ടി കേരളാ വാട്ടർ അതോറിറ്റിയുടെ ധനസ്ഥിതിക്ക് വിധേയമായി ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്യും.

V. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് പരിഗണന

ശ്രീ. ടി. എൻ. പ്രതാപൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം സമിതി ചെയർമാനുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

VI. ക്രമപ്രശ്നം

ഒരംഗത്തിന് പരമാവധി അവതരിപ്പിക്കാവുന്ന അനൗദ്യോഗിക ബില്ലുകളുടെ എണ്ണത്തിൽ നിയന്ത്രണം വേണമെന്നതു സംബന്ധിച്ച്

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞാനൊരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. വളരെ അപൂർവ്വമായിട്ടാണ് വെള്ളിയാഴ്ചകളിൽ അംഗങ്ങൾക്ക് സ്വകാര്യ ബില്ലുകളോ പ്രമേയങ്ങളോ അവതരിപ്പിക്കാനുള്ള സൗകര്യം കിട്ടുന്നത്, അത് നറുക്കിട്ട് കിട്ടുന്ന സൗകര്യവുമാണ്. വെള്ളിയാഴ്ചകളിൽ പ്രൈവറ്റ് മെമ്പേഴ്സ് ബില്ലിൽ വരുന്ന സന്ദർഭത്തിൽ

LIBRARY ARCHIVES Kerala Legislative Assembly